# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ 3518

24.06.2013-ലെ മറുപടിക്ക്

### ജയിൽ വകുപ്പിന് കീഴിലുള്ള സ്ഥലത്തെ മരങ്ങൾ മുറിക്കാൻ അനുമതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ശശി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) ജയിൽ വകുപ്പിനു കീഴിലുള്ള സ്ഥലത്തെ മരങ്ങൾ മുറിക്കാൻ എത്ര അപേക്ഷകളിൽ അനുമതി ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ; | എ) തിരുവനന്തപുരം സെൻട്രൽ ജയിലിൽ 38 മരങ്ങളും, കോഴിക്കോട് സ്പെഷ്യൽ സബ് ജയിലിൽ 4 തെങ്ങുകളും ഒരു പ്ലാവും കണ്ണൂർ സെൻട്രൽ ജയിലിൽ ഒരു തേൻകായ് മരവും മുറിച്ചുമാറ്റുന്നതിനുള്ള അനുമതി വനം വകുപ്പിൽ നിന്നും ലഭിക്കുവാനുണ്ട്. |
| ബി) പൂജപ്പുര ജയിലിൽ നിന്ന് കഴിഞ്ഞ വർഷം എത്ര മരങ്ങൾ മുറിക്കാൻ അനുമതി ആവശ്യപ്പെട്ടിട്ടുണ്ടെന്നും അവയിൽ എത്ര മരങ്ങൾ മുറിക്കാൻ അനുമതി ലഭിച്ചുവെന്നും വ്യക്തമാക്കാമോ; | ബി) 39 മരങ്ങൾ മുറിക്കാനുള്ള അനുമതിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഒരു ആഞ്ഞിലി മരം മുറിക്കുന്നതിന് വനം വകുപ്പിൽ നിന്നും അനുമതി ലഭിച്ചു. |
| സി) പൂജപ്പുര ജയിലിൽ നിന്ന് മുറിച്ചു മാറ്റാൻ അനുമതി ലഭിച്ച മരങ്ങൾ ഏതെല്ലാം ഇനത്തിലുള്ളവയാണെന്നും ഇവ മുറിക്കാനുള്ള കാരണങ്ങളും വ്യക്തമാക്കുമോ? | സി) പൂജപ്പുര ജയിലിൽ നിന്ന് മുറിച്ചുമാറ്റാൻ അനുമതി ലഭിച്ചത് ഒരു ആഞ്ഞിലി മരത്തിനാണ്. കാലപ്പഴക്കം കൊണ്ടും കേടുപാടുകൾ കൊണ്ടും മറിഞ്ഞുവീഴാൻ സാദ്ധ്യത ഉള്ളതുകൊണ്ടാണ് ഇത് മുറിക്കുന്നത്. |

സെക്ഷൻ ഓഫീസർ